പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം : 3066

15.02.2013-ൽ മറുപടി നൽകേണ്ടത്

## മൂന്നാർ, വാഗമൺ പ്രദേശങ്ങളിലെ ഭൂമാഫിയയുടെ വ്യാജപട്ടയനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>,, കെ. കെ. ജയചന്ദ്രൻ<br>,, എസ്. രാജേന്ദ്രൻ<br>,, കെ. സുരേഷ് കുറുപ്പ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)ഇടുക്കി ജില്ലയിലെ മൂന്നാർ, വാഗമൺ എന്നീ പ്രദേശങ്ങളിൽ സർക്കാർഭൂമി വൻതോതിൽ കൈയേറുകയും, വ്യാജപട്ടയം സമ്പാദിക്കുകയും ചെയ്യുന്ന ഭൂമാഫിയയുടെ പ്രവർത്തനം ശക്തിപ്പെട്ടുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടില്ല |
| (ബി)ഇതു സംബന്ധിച്ച് പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ റിപ്പോർട്ട് റവന്യൂവകുപ്പിനു ലഭിച്ചിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) ഭൂമികൈയേറ്റം തടയുന്നതിന് മുൻസർക്കാർ സ്വീകരിച്ച ശക്തമായ നടപടി തുടർന്നു നടത്തുന്നതിനു തടസ്സമെന്താണെന്ന് അറിയിക്കുമോ; | (സി) ഭൂമികൈയേറ്റം തടയുന്നതിനുള്ള ശക്തമായ നടപടികൾ തുടർന്നും സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന് പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ഡി)ഇങ്ങനെ അനധികൃതമായി കൈയേറുന്ന ഭൂമിക്കു കരം സ്വീകരിച്ച് കൈവശരേഖ കൊടുക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) സ്വീകരിക്കുന്നതാണ്. |
| (ഇ)കൈയേറ്റം തടയുന്നതിനും, കൈയേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ